LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 106 ചില്ലറവില്പന ശാലകൾ തുറന്നിട്ടുണ്ട്.

(ബി) 2001-ലെ അബ്കാരി നയ പ്രകാരം വിദേശമദ്യഷാപ്പുകൾ കോർപ്പ റേഷൻ ഏറ്റെടുത്തപ്പോൾ പുനരധിവാസ പദ്ധതി പ്രകാരം 1014 പേർക്കും ദിവസ വേതനത്തിൽ 698 പേർക്കും തൊഴിൽ ലഭ്യമായിട്ടുണ്ട്.

(സി) 617 പേർ.

(ഡി) തീരുമാനിച്ചിട്ടില്ല.

ചിറ്റാറിൽ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കാൻ നടപടി

40(1316) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി എക്സൈസ് റേഞ്ച് ഓഫീസിന്റെ പരിധിയിൽ ഏതൊക്കെ പഞ്ചായത്ത് പ്രദേശങ്ങളാണ് ഉൾപ്പെടുന്നത്;

(ബി) റാന്നി റേഞ്ചിലെ ഉദ്യോഗസ്ഥരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്ത മാക്കാമോ; ഓരോ തസ്തികയിലേയും സാംഗ്ഷൻഡ് സ്ട്രെങ്ത് എത്ര വീതമാണ്;

(സി) ശബരിമല ഉൾക്കൊള്ളുന്ന വിശാലമായ ഈ റേഞ്ചിൽ ഉദ്യോഗ സ്ഥർക്ക് മുഴുവൻ ഏരിയയും എല്ലായ്പ്പോഴും കവർ ചെയ്യാൻ കഴിയാറില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശബരിമലയുടെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് ചിറ്റാറിൽ ഒരു എക്സൈസ് റേഞ്ച് കൂടി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാ ക്കാമോ?

ഉത്തരം

(എ) റാന്നി എക്സൈസ് റേഞ്ച് ഓഫീസിന്റെ പരിധിയിൽ താഴെ പറ യുന്ന പഞ്ചായത്തുപ്രദേശങ്ങളാണ് ഉൾപ്പെടുന്നത്.

(1) സീതത്തോട് (2) ചിറ്റാർ (3) പെരുനാട് (4) വടശ്ശേരിക്കര (5) നാറാ ണംകുഴി (6) വെച്ചൂച്ചിറ (7) പഴയങ്ങാടി (8) അങ്ങാടി (9) റാന്നി (10) ചറുകോൽ (11) അയിരൂർ.

(ബി) റാന്നി റേഞ്ചിലെ ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

എക്സൈസ് ഇൻസ്പെക്ടർ	-	1
പ്രിവന്റീവ് ആഫീസർ	-	4

എക്സൈസ് ഗാർഡ്	-	18
ഡ്രൈവർ	-	1
ആകെ	-	24

മേൽ സൂചിപ്പിച്ചത് തന്നെയാണ് സാംഗ്ഷൻഡ് സ്ട്രെങ്തും.

(സി) ഈ റേഞ്ചിന്റെ പരിധിയിൽപ്പെടുന്ന എല്ലാ ഏരിയയും ഉദ്യോഗസ്ഥർ കവർ ചെയ്യുന്നുണ്ട്.

(ഡി) ചിറ്റാർ കേന്ദ്രീകരിച്ച് എക്സൈസ് റേഞ്ച് സ്ഥാപിക്കാനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ബിവറേജസ് കോർപ്പറേഷനിലെ താൽക്കാലിക നിയമനങ്ങൾ

41(1317) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിദേശമദ്യ വിൽപന നടത്തുന്ന ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമേഖലയിലും സഹകരണ മേഖലയിലും വിദേശമദ്യ ഷാപ്പുകളിൽ എത്ര തൊഴിലാളികൾ വീതം ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ബിവറേജസ് കോർപ്പറേഷനിൽ ആശ്രിതർക്ക് ജോലി ലഭിക്കുന്നതിനുള്ള എത്ര അപേക്ഷ നിലവിലുണ്ടെന്ന് വിശദമാക്കാമോ; ഇവർക്ക് ജോലി നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; ആശ്രിത ജോലിക്കുള്ള അപേക്ഷകളിൽ തീരുമാനമെടുത്ത് എപ്പോൾ ജോലി നൽകുമെന്ന് അറിയിക്കാമോ;

(ഡി) ബിവറേജസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വിദേശമദ്യ ഷാപ്പുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ; താൽക്കാലിക തൊഴിലാളികളുടെ നിയമനത്തിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ; താൽക്കാലിക തൊഴിലാളികളുടെ ശമ്പള ഘടന എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) താൽക്കാലിക തൊഴിലാളികളുടെ നിയമനംമൂലം സ്ഥാപനത്തിന് ഒരു മാസത്തിൽ എത്ര തുക ചെലവ് വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനും കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷനും.

GPM. 2/498/2014—13

LIBRARY ARCHIVES Kerala Legislative Assembly